## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 218** — **25-06-2024 - ൽ മറുപടിയ്ക്ക്**

## സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഒ.ടി.ടി. പ്ലാറ്റ്ഫോം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സിനിമകൾ പ്രദർശിപ്പിക്കുന്നതിനായി ഒ.ടി.ടി. പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന സർക്കാരിന് വേണ്ടി കെ.എസ്.എഫ്.ഡി.സി.യുടെ ആഭിമുഖ്യത്തിലുള്ള ഒ.റ്റി.റ്റി പ്ലാറ്റ് ഫോമായ 'സീ സ്പെയ്സ്' ന്റെ ഉദ്ഘാടനം 2024 മാർച്ച് 7 ന് ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. ഇന്ത്യയിൽ ആദ്യമായി സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച ഒ.റ്റി.റ്റി പ്ലാറ്റ്ഫോമാണ് 'സീ സ്പെയ്സ്'. കലാ സാംസ്കാരിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന ചിത്രങ്ങളും സംസ്ഥാന, ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ച ചിത്രങ്ങളുമാണ് ഒ.റ്റി.റ്റി.യിൽ പ്രധാനമായും പ്രദർശിപ്പിക്കുന്നത്. സർക്കാരിന്റെ വനിതാ ശാക്തീകരണ കാഴ്ചപ്പാടിന്റെ ഭാഗമായി കെ.എസ്.എഫ്.ഡി.സി. നിർമ്മിച്ച ചിത്രങ്ങളായ 'നിഷിദ്ധോ', 'ഡിവോഴ്സ്', 'ബി 32 മുതൽ 44 വരെ', 'നിള' എന്നീ ചിത്രങ്ങളും കൂടാതെ, ഡോക്യുമെന്ററി, ഹ്രസ്വചിത്രങ്ങൾ തുടങ്ങിയവയും പ്രദർശിപ്പിക്കുന്നുണ്ട്. കലാസാംസ്കാരിക രംഗത്തെ പ്രഗത്ഭർ അടങ്ങുന്ന ക്യൂറേറ്റർ പാനൽ തെരഞ്ഞെടുക്കുന്ന ചിത്രങ്ങളാണ് സീ സ്പെയ്സിൽ പ്രദർശിപ്പിക്കുന്നത്. |
| (ബി) | പ്രസ്തുത ഒ.ടി.ടി. പ്ലാറ്റ്ഫോം വഴി ഏതെല്ലാം തരത്തിലുള്ള സിനിമകളാണ് പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. സംസ്ഥാന സർക്കാരിന് വേണ്ടി കെ.എസ്.എഫ്.ഡി.സി.യുടെ ആഭിമുഖ്യത്തിലുള്ള ഒ.റ്റി.റ്റി പ്ലാറ്റ് ഫോമായ 'സീ സ്പെയ്സ്' ന്റെ ഉദ്ഘാടനം 2024 മാർച്ച് 7 ന് ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. ഇന്ത്യയിൽ ആദ്യമായി സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച ഒ.റ്റി.റ്റി പ്ലാറ്റ്ഫോമാണ് 'സീ സ്പെയ്സ്'. കലാ സാംസ്കാരിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന ചിത്രങ്ങളും സംസ്ഥാന, ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ച ചിത്രങ്ങളുമാണ് ഒ.റ്റി.റ്റി.യിൽ പ്രധാനമായും പ്രദർശിപ്പിക്കുന്നത്. സർക്കാരിന്റെ വനിതാ ശാക്തീകരണ കാഴ്ചപ്പാടിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | കെ.എസ്.എഫ്.ഡി.സി. നിർമ്മിച്ച ചിത്രങ്ങളായ 'നിഷിദ്ധോ', 'ഡിവോഴ്സ്', 'ബി 32 മുതൽ 44 വരെ', 'നിള' എന്നീ ചിത്രങ്ങളും കൂടാതെ, ഡോക്യുമെന്ററി, ഹ്രസ്വചിത്രങ്ങൾ തുടങ്ങിയവയും പ്രദർശിപ്പിക്കുന്നുണ്ട്. കലാസാംസ്കാരിക രംഗത്തെ പ്രഗത്ഭർ അടങ്ങുന്ന ക്യൂറേറ്റർ പാനൽ തെരഞ്ഞെടുക്കുന്ന ചിത്രങ്ങളാണ് സീ സ്പെയ്സിൽ പ്രദർശിപ്പിക്കുന്നത്. |
| (സി) | സംസ്ഥാന യുവജനോത്സവ ദൃശ്യങ്ങൾ, കേരളീയം പരിപാടികൾ എന്നിവ കൂടി പ്രസ്തുത ഒ.ടി.ടി. പ്ലാറ്റ്ഫോമിൽ പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാന യുവജനോത്സവ ദൃശ്യങ്ങൾ, കേരളീയം തുടങ്ങിയവ പോലുള്ള കലാസംസ്കാരിക പരിപാടികൾ ഒ.റ്റി.റ്റിയിൽ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ